## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3261 — 25.06.2012-ൽ മറുപടിയ്ക്ക്

### സെക്രട്ടേറിയറ്റിൽ പ്യൂൺ തസ്തികയിലെ നിയമനം സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ചിറ്റയം ഗോപകുമാർ : | | ശ്രീ.ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി ) |
| (എ) | സെക്രട്ടേറിയറ്റിൽ പ്യൂൺ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് നിലവിലെ വ്യവസ്ഥയെന്താണ് എന്ന് പറയാമോ ; ഇത്തരത്തിൽ നിയമനം ലഭിക്കുന്നവർക്ക് നിലവിലുള്ള പ്രൊമോഷൻ സംവിധാനങ്ങൾ എന്തെല്ലാമാണ് ; | (എ) | വിവിധ ജില്ലകളിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ മാറ്റി വയ്ക്കപ്പെട്ടിട്ടുള്ള ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ നിന്നാണ് സെക്രട്ടേറിയറ്റിലെ പ്യൂൺ തസ്തികയിൽ നിയമനം നടത്തുന്നത്. ഇതിനു പുറമേ ആശ്രിത നിയമന വ്യവസ്ഥയിലും, സ്പോർട്സ് ക്വാട്ടായിലും അന്തർവകുപ്പ് സ്ഥലം മാറ്റം വഴിയും യോഗ്യരായ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ നിയമനം ലഭിക്കുന്നവർക്ക് അവരുടെ യോഗ്യത അനുസരിച്ചും നിലവിലെ വ്യവസ്ഥകൾ പ്രകാരവും, സെക്രട്ടേറിയറ്റിലെ മറ്റ് ഉയർന്ന തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുന്നുണ്ട്. |
| (ബി) | ഇവരുടെ പ്രൊമോഷൻ സാധ്യത വർദ്ധിപ്പിക്കാനും, ശമ്പളം പരിഷ്കരിക്കാനും തീരുമാനിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഫയലുകളുടെ നമ്പർ വെളിപ്പെടുത്തുമോ ; | (ബി) | മറ്റു സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ചപ്പോൾ ഇവരുടെയും ശമ്പളം പരിഷ്ക്കരിച്ചിട്ടുണ്ട്. |
| (സി) | സെക്രട്ടേറിയറ്റിൽ പ്യൂൺ തസ്തികയിൽ നിയമനം ലഭിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും മറ്റിതര വകുപ്പുകളിൽ പ്യൂണായി നിയമനം ലഭിക്കുന്നവർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള നിലവിലെ സംവിധാനങ്ങളും നടപടികളും അറിയിക്കാമോ; ഇവരുടെ പ്രൊമോഷൻ വർദ്ധിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വിശദീകരിക്കാമോ ? | (സി) | സെക്രട്ടേറിയറ്റിലെ പ്യൂൺ തസ്തികയിലേയ്ക്ക് പി.എസ്.സി. പ്രത്യേകം ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ചോദ്യം പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ